
www.malankaralibrary.com

Vol.0 No.2 February 2012

# കാരുണികൻ

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



## വചനബോധി
## ലത്തീൻ

www.malankaralibrary.com

**വചനബോധി:** ലത്തീൻ

ഫെബ്രുവരി 26 ഞായർ; മർക്കോ. 1: 12-15.......3
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. കപ്പിസ്താൻ ലോപ്പസ്

മാർച്ച് 4 ഞായർ; മർക്കോ. 9: 2-10 .......6
ഡോ. ജേക്കബ് നാലുപറയിൽ

മാർച്ച് 11 ഞായർ; യോഹ. 2: 13-25 .......8
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. മാർട്ടിൻ ശങ്കൂരിക്കൽ

മാർച്ച് 18 ഞായർ; യോഹ. 3: 14-21 .......12
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. ജോനാഥ് കപ്പുച്ചിൻ

മാർച്ച് 25 ഞായർ; യോഹ. 12: 20-33 .......16
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. ജോയി. ജെ. കപ്പൂച്ചിൻ

www.malankaralibrary.com



# മർക്കോ. 1: 12 – 15

ഫെബ്രുവരി 26 ഞായർ

## ഭാഷ്യം

### I. സന്ദർഭം

നസ്രത്തിലെ യേശുവിനെ ദൈവം സ്വന്തം പുത്രനും (1:11) കർത്താവുമായി (1:3) അയക്കുന്നതാണ് സുവിശേഷത്തിന്റെ ആരംഭത്തിൽ വിവരിക്കുന്നത് (1:1–13). അങ്ങനെ ദൈവത്താൽ അയക്കപ്പെടുന്നവൻ തന്റെ പ്രവർത്തനം ആരംഭിക്കുന്നു (1:14–3:6). ജ്ഞാനസ്നാനത്തിനു ശേഷമുള്ള യേശുവിന്റെ പരീക്ഷണവും (1:12–13), അതിനുശേഷമുള്ള സുവിശേഷ പ്രഘോഷണത്തിന്റെ തുടക്കവുമാണ് (1:14–15) ഇന്നത്തെ സുവിശേഷ ഭാഗം.

### II. പ്രമേയം

യേശുവിനെ പിശാച് പരീക്ഷിക്കുന്നതും, അതിനൊടുവിൽ യേശു സുവിശേഷപ്രഘോഷണം ആരംഭിക്കുന്നതുമാണ് പ്രമേയം. അവൻ ഇവിടെ പ്രഘോഷിക്കുന്നത് മൊത്തം സുവിശേഷത്തിന്റെ തന്നെ രത്നചുരുക്കമാണ്. “സമയം പൂർത്തിയായിരിക്കുന്നു, ദൈവഭരണം തൊട്ടടുത്തു വന്നിരിക്കുന്നു; അതിനാൽ മനസ്സുമാറി സുവിശേഷത്തിൽ വിശ്വസിക്കുവിൻ” (1:15).

### III. സന്ദേശം

1. ദൈവാത്മാവാണ് യേശുവിനെ മരുഭൂമിയിലേക്കും പരീക്ഷണത്തിലേക്കും നയിക്കുന്നത്. നീ ഏകാന്തതയിലും പരീക്ഷണത്തിലും ഉൾപ്പെട്ടെന്നിരിക്കാം. അതത്ര കാര്യമാക്കേണ്ടതില്ല. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവനാകുക/നയിക്കപ്പെടുന്നവളാകുക എന്നതാണ് പ്രധാനം. അപ്പോൾ പരീക്ഷണങ്ങളൊക്കെ നിനക്ക് ദൈവിക വഴികളായി മാറും.

2. യോഹന്നാൻ ബന്ധനസ്ഥനായപ്പോൾ യേശു യൂദയാ വിട്ട് ഗലീലിയിലേക്ക് പോകുന്നു. യോഹന്നാന്റെ അറസ്റ്റിനെ യേശു ഗലീലിയിലേക്ക് പ്രവർത്തനം മാറ്റാനുള്ള അവസരമായി എടുക്കുന്നു. നിന്റെ പ്രിയരുടെ ജീവിതത്തിലെ സംഭവങ്ങൾ നിനക്കുള്ള ചില ദൈവിക സൂചനകളാകാം. തിരിച്ചറിയാനും പ്രതികരിക്കാനും നിനക്കാകണം.

3. ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നാണ് യേശു പറയുന്നത്. ഇന്നും ഇതാണ് സത്യം. ദൈവരാജ്യം നിന്റെ സമീപത്തു തന്നെയുണ്ട്. അത് കാണാനും ക്രിയാത്മകമായി പ്രതികരിക്കാനും നിനക്കാകുന്നുണ്ടോ? ദൈവത്തിന്റെ ഭരണം നിന്റെ സമീപത്തു തന്നെയുണ്ട്. ദൈവഹിതം അന്വേഷിക്കാനും

www.malankaralibrary.com

അതിന് വിധേയപ്പെടാനും നീ പരിശ്രമിക്കുമ്പോൾ നീ ദൈവരാജ്യ ത്തിനുള്ളിലായിത്തീരും.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: പ്രലോഭനങ്ങളിൽ പ്രകൃതിയോടും സ്വർഗ്ഗത്തോടും ചേർന്ന്

ഈ കഴിഞ്ഞ തിരുവനന്തപുരം ഫിലിം ഫെസ്റ്റിവലിൽ ഏറെ ചർച്ച ചെയ്യപ്പെട്ട സിനിമയാണ് 'THE MO NK'. തീക്ഷ്ണമായ വിശ്വാസവും തീവ്രമായ പ്രസംഗവുംകൊണ്ട് ജനകീയനായ യുവവൈദികന്റെ കഥ പറയുന്ന ഈ സിനിമ. സിനിമ തുടങ്ങുമ്പോൾ അച്ചൻ കുമ്പസാരക്കൂട്ടിലാണ്. ഒരു പണ ക്കാരനായ മനുഷ്യൻ കുമ്പസാരിക്കാൻ വരുന്നു. എത്ര ശ്രമിച്ചിട്ടും മാരകമായ വീഴ്ചയിൽ നിന്നും എഴുന്നേൽക്കാൻ പറ്റുന്നില്ലയെന്ന് അയാൾ കുമ്പസാരിച്ചു. അയാളുടെ അവിഹിത ബന്ധത്തെ പാടേ ഉപേക്ഷിക്കാൻ, പ്രലോഭനങ്ങളുടെ സാഹചര്യങ്ങളെ ചെറുക്കാൻ അച്ചൻ ഉപദേശിക്കുന്നു. അപ്പോൾ ആ മനു ഷ്യൻ അച്ചനോട് തികച്ചും ഒരു വ്യക്തിപരമായ ചോദ്യം "അച്ചന് പ്രലോഭ നങ്ങൾ ഉണ്ടാവാറില്ലേ? അച്ചൻ മറുപടി പറഞ്ഞു: ഉണ്ടാവും ഞാൻ അനുവദിക്കുന്നിടത്തോളം".

നമ്മൾ അനുവദിക്കുന്നിടത്തോളമേ പ്രലോഭനത്തിനു ആയുസുള്ളൂ. കതകിനപ്പുറത്തുള്ള ചൂളം വിളിയാണ് പ്രലോഭനം. നമ്മൾ കതകു തുറന്നാൽ പ്രലോഭനം പാപമാകും. പ്രലോഭനങ്ങളെ പേടിക്കേണ്ടതില്ല. കാരണം ക്രിസ്തുവിനെ മരുഭൂമിയിലേക്ക് നയിച്ചത് ആത്മാവാണ്. പ്രലോഭനങ്ങൾ നമ്മളെ കൂടുതൽ കരുത്തരാക്കുന്നു. ഈ നോമ്പ് കാലത്ത് പ്രലോഭ നങ്ങളുടെ സാന്നിധ്യമെങ്കിലും നമ്മൾ തിരിച്ചറിയണം.

അവൻ വന്യമൃഗങ്ങളുടെ കൂടെയായിരുന്നു.

പ്രലോഭനങ്ങളിൽ പ്രകൃതിയോടു ചേർന്നു നിൽക്കുക. പ്രകൃതി വിരുദ്ധ മെന്നു പറയുന്നത് തന്നെ പാപമല്ലെ? അസ്സീസിയിലെ വി. ഫ്രാൻസിസിനെ പ്പോലെ സൂര്യനെ സഹോദരനെന്നും നിലാവിനെ സഹോദരിയെന്നും വിളിക്കാനുള്ള ആത്മീയത സ്വന്തമാക്കണം. ചെരിപ്പിടാതെ മണ്ണിനെ തൊട്ടു നടന്ന ഫ്രാൻസീസ് പ്രകൃതിയുടെ ഓരോ ശ്വാസത്തിലും ദൈവത്തെ തിരി ച്ചറിഞ്ഞു. ദൈവത്തിന്റെ മുഖമാണ് പ്രകൃതിക്കെന്ന് വിശ്വസിക്കുന്നവന് പ്രകൃതിയോടു എങ്ങനെ കലഹിക്കാൻ കഴിയും. ഒരു ചെറിയ ആനിമേഷൻ ചിത്രത്തിന്റെ കഥയിങ്ങനെ. ഒരു മനുഷ്യൻ അവന്റെ വീട്ടിലെ എല്ലാ മാലിന്യങ്ങളും ഉപയോഗശൂന്യമായ വസ്തുക്കളും ഒരു വലിയ ലോറിയിൽ കയറ്റി ആരും കാണാതെ പുഴയിൽ കൊണ്ടുപോയി തള്ളുന്നു. തിരിച്ചു സംതൃ പ്തിയോടെ വീട്ടിൽ വന്നു കുളിമുറിയിൽ കയറി ഷവർ തുറന്നു കുളിക്കാൻ നിൽക്കുന്നു. കുറച്ച് നേരം കഴിയുമ്പോൾ ഷവറിലൂടെ അവൻ പുഴയിലേക്കു തള്ളിയ മാലിന്യങ്ങളും ഉപയോഗശൂന്യ വസ്തുക്കളും അവനെ വന്നു

www.malankaralibrary.com

മൂടിക്കളയുന്നു. അതിനിടയിൽപെട്ട് അവൻ ഞെരുങ്ങി മരിക്കുന്നു. ഇത് അതിശയോക്തിയല്ല; ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതിന്റെ ഫാസ്റ്റ് ഫോർവേഡ് ആണ്. പ്രകൃതിയോടു സൗഹൃദത്തിലാവാനുള്ളതാണ് ഈ നോമ്പുകാലം.

ദൈവദൂതന്മാർ അവനെ ശുശ്രൂഷിച്ചു

പ്രലോഭനത്തിൽ സ്വർഗ്ഗത്തോടു ചേർന്നു നിൽക്കുക. സ്വർഗ്ഗത്തിൽ നിന്നുള്ള നമ്മുടെ അകലമാണ് നമ്മുടെ വീഴ്ചയുടെ ആഴം. പ്രലോഭന ത്തിനെതിരെയുള്ള യുദ്ധത്തിൽ ക്രിസ്തു തനിച്ചായിരുന്നില്ല; മാലാഖമാർ അവനെ സഹായിച്ചു. നമ്മളും ഈ യുദ്ധത്തിൽ തനിച്ചല്ല.

എലീഷായേയും ദാസനെയും ദോഥാനിൽവച്ചു ശത്രുസൈന്യം രാത്രി വളഞ്ഞു. ദൈവപുരുഷന്റെ ദാസൻ അതിരാവിലെ എഴുന്നേറ്റു പുറത്തുവന്ന പ്പോൾ രഥങ്ങളും കുതിരകളുമായി സൈന്യം നഗരം വളഞ്ഞിരിക്കുന്നത് കണ്ടു. അവൻ വിളിച്ചു പറഞ്ഞു. അയ്യോ യജമാനനേ നാം എന്താണു ചെയ്യുക? എലീഷാ പറഞ്ഞു" "ഭയപ്പെടേണ്ട. അവരെക്കാൾ കൂടുതൽ ആളു കൾ നമ്മുടെ കൂടെയുണ്ട്. എന്നിട്ടു എലീഷാ പ്രാർത്ഥിച്ചു ദാസന്റ കണ്ണുകൾ തുറക്കാൻ. കർത്താവ് അവന്റെ കണ്ണുകൾ തുറന്നു. ഏലീഷായ്ക്ക് ചുറ്റുമുള്ള മല മുഴുവൻ കർത്താവിന്റെ ആഗ്നേയ രഥങ്ങളും കുതിരകളുംകൊണ്ടു നിറഞ്ഞിരിക്കുന്നത് അവൻ കണ്ടു.

ഒരു കാർട്ടൂൺ ചിത്രമിങ്ങനെ: വഴിയിലൂടെ നടന്നുപോകുന്ന ഒരുവന്റെ മേൽ ഒരു കുഞ്ഞുക്കല്ല് വന്നു പതിക്കുന്നു. അവൻ തിരിഞ്ഞു ദൈവത്തെ പഴിക്കുന്നു. അപ്പോൾ പിറകിൽ ക്രിസ്തു തന്റെ രണ്ടു കൈകളും നീട്ടിപ്പിടിച്ചു പരമാവധി അവനെ സംരക്ഷിക്കുന്നത്. ക്രിസ്തുവിന്റെമേൽ തുടർച്ചയായി കല്ലുകൾ വന്നു പതിക്കുന്നുണ്ട്. ക്രിസ്തു അവനോട് പറഞ്ഞു: "ക്ഷമിക്കണം, ഒരെണ്ണം കൈവിട്ടുപോയി.

ഈ നോമ്പ്കാലത്ത് പിശാചിനെക്കൊണ്ട് ഉപവസിപ്പിക്കാം. പ്രലോഭനങ്ങളിൽ പ്രകൃതിയോടും സ്വർഗ്ഗത്തോടും ചേർന്നു നിൽക്കാം.

**ഫാ. കപ്പിസ്താൻ ലോപ്പസ്**

www.malankaralibrary.com



# മർക്കോ. 9: 2-10

മാർച്ച് 4 ഞായർ

## ഭാഷ്യം

### I. സന്ദർഭം

ദൈവം അയച്ച നസ്രസിലെ യേശുവിന്റെ (1:1-13) വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ദൈവത്തിന്റെ ഭരണം സമാഗതമാകുന്നു (1:14-3:6). തുടർന്ന് ദൈവഭരണത്തിന്റെ രഹസ്യം യേശു ശിഷ്യർക്കു വെളിപ്പെടുത്തിക്കൊടുക്കുന്നു (3:7-8:26). ദൈവരാജ്യത്തിന്റെ രഹസ്യമെന്നുപറയുന്നെങ്കിലും (4:11-12), പിന്നീടത് ദൈവരാജ്യത്തിന്റെ വക്താവിനെ (യേശു) ക്കുറിച്ചുള്ള രഹസ്യമായി മാറുന്നു (4:41; 5:7; 6:50-52; 8:17-21, 27-29). യേശു ആരാണ് എന്നുള്ളതാണ് രഹസ്യം (8:27). യേശുവിനെ ക്രിസ്തുവായി ശിഷ്യർ തിരിച്ചറിഞ്ഞു കഴിയുമ്പോഴാണ് (8:29), തന്നെക്കുറിച്ചുള്ള ദൈവനിശ്ചയം യേശു ശിഷ്യർക്ക് വെളിപ്പെടുത്തുന്നത് (8:27-10:52). അത്, യേശു പീഡാസഹനത്തിലൂടെയും മരണത്തിലൂടെയും കടന്നുപോകണമെന്നതാണ് (8:31, 9:31, 10:32 - 34). ഒന്നാം പീഡാനുഭവപ്രവചനത്തിനും (8:31) അതിനുശേഷമുള്ള ശിഷ്യത്വപാഠത്തിനും (8:38-9:1) ശേഷമാണ് ഇന്നത്തെ വചനഭാഗം.

### II. പ്രമേയം

യേശുവിന്റെ രൂപാന്തരീകരണവും (9:2), അതിനോടുള്ള പത്രോസ്സിന്റെ പ്രതികരണവും (9:5), യേശുവിന്റെ കൽപനയുമാണ് (9:9) ഇവിടുത്തെ പ്രമേയം. യേശു ദൈവത്തിന്റെ പ്രിയപുത്രനാണെന്നുള്ളതാണ് രൂപാന്തരീകരണത്തിന്റെ ഹൃദയം (9:7). യേശു ആരാണെന്നുള്ള ചോദ്യത്തിന് (8:27) ദൈവത്തിന്റെ മറുപടിയാണിത്.

### III. സന്ദേശം

1. മൂന്നു ശിഷ്യരുടെ മുമ്പിലാണ് യേശു രൂപാന്തരപ്പെടുന്നത്. അവന്റെ വസ്ത്രം തിളക്കമുള്ളതാകുന്നു; ദൈവികപുരുഷർ അവനോടു സംഭാഷി

www.malankaralibrary.com

ക്കുന്നു. ശിഷ്യർ സാധാരണ കണ്ടിരുന്ന യേശുവിനെയല്ല അവർ മലമുകളിൽ കണ്ടത്. പലപ്പോഴും ഇതാണ് സത്യം. നിന്റെ പ്രിയരിലും ഒരു ദൈവികഭാവം ഒളിഞ്ഞിരിപ്പുണ്ട്. അത് കാണാനും അവരുടെ ദൈവപുത്രത്വം അംഗീകരിക്കാനും നിനക്കാകണം.

2. മലമുകളിൽ കണ്ടത് യേശുവിന്റെ ഉയിർപ്പുവരെ പറയരുതെന്നാണ് യേശു കൽപ്പിക്കുന്നത് (9: 9). പലതും ഉടനെ വിളിച്ചു പറയേണ്ട കാര്യങ്ങളല്ല എന്നതാണ് സത്യം. പറയാനും പങ്കുവയ്ക്കാനും അതിന്റേതായ സമയമുണ്ട്. അതുവരെ നീ അത് മനസ്സിൽ സംഗ്രഹിക്കണം.

3. ശിഷ്യരുടെ സംശയം ഏലിയായുടെ വരവിനെക്കുറിച്ചാണ്. മലമുകളിൽ കണ്ട ഏലിയായെ ശിരച്ഛേദം ചെയ്യപ്പെട്ട യോഹന്നാനായി കാണാൻ അവർക്കാകുന്നില്ല. ഇതായിരുന്നു ശിഷ്യരുടെ പ്രശ്നം. പീഢിതനായ സ്നാപകനെ ഏലിയായി കാണാനാവുന്നില്ല. പീഢനവും മഹത്വീകരണവും ജീവിതത്തിന്റെ ഇരുവശങ്ങളാണ്. അവയെ കൂട്ടിവായിക്കാൻ കഴിയുന്നിടത്താണ് നിന്റെ ജീവിതവിജയം അടങ്ങിയിരിക്കുന്നത്.

**ഡോ. ജേക്കബ് നാലുപറയിൽ**

www.malankaralibrary.com



# യോഹ. 2: 13-25

മാർച്ച് 11 ഞായർ

## ഭാഷ്യം

### I. സന്ദർഭം

യഹൂദരുടെപ്രധാനപ്പെട്ട തിരുനാളുകളായ പെസഹാത്തിരുന്നാൾ, പന്തക്കുസ്താത്തിരുന്നാൾ, കൂടാരത്തിരുന്നാൾ, പ്രതിഷ്ഠാത്തിരുന്നാൾ എന്നിവയുടെ പശ്ചാത്തലത്തിൽ ഇതൾവിരിയുന്ന സുവിശേഷപുഷ്പമാണ് യോഹന്നാന്റേത്. യഹൂദത്തിരുന്നാൾ എന്തൊക്കെ അർത്ഥമാക്കുന്നുവോ, എന്തൊക്കെ പ്രതീക്ഷകളെ ഊട്ടിയുറപ്പിക്കുന്നുവോ അതൊക്കെ യേശുവിൽ പൂർത്തിയാകുന്നുവെന്നാണ് ഈ പശ്ചാത്തലസംവിധാനത്തിലൂടെ യോഹന്നാൻ പഠിപ്പിക്കുന്നത്.

### II. പ്രമേയം

യഹൂദരുടെ പെസഹാത്തിരുന്നാൾ അടുത്തുവരവേ, യേശു ജറുസലേം ദേവാലയത്തിൽ പ്രവേശിച്ച് ബലിയർപ്പണത്തിനുള്ള സംവിധാനങ്ങളെ തകിടം മറിക്കുന്നു. ബലിയർപ്പണമില്ലെങ്കിൽ ദേവാലയത്തിനർത്ഥമില്ല; ദേവാലയമില്ലെങ്കിൽ ബലിയർപ്പണവുമില്ല. ജറുസലേം ദേവാലയത്തിന്റേയും അതിലെ ബലികളുടെയും അന്ത്യം ഒരു പ്രതീകാത്മകപ്രവൃത്തിയിലൂടെ യേശു അവതരിപ്പിക്കുകയാണിവിടെ. പെസഹാക്കുഞ്ഞാടിന്റെ രക്തം യഹൂദകുടുംബങ്ങളെ ഭരണത്തിൽ നിന്നു രക്ഷിച്ചു. നിത്യനാശത്തിൽ നിന്നു നമ്മെ രക്ഷിക്കുന്ന പെസഹാക്കുഞ്ഞാടാണ് യേശു. ദൈവ-മനുഷ്യ അനുരഞ്ജനമാണ് ബലികളുടെ പ്രഥമോദ്ദേശ്യം. ഈ അനുരഞ്ജനം യേശുവിന്റെ ബലിയിൽ പൂർത്തിയായി. അതിനാൽ പഴയനിയമ ബലികൾ ഇനി ആവശ്യമില്ല. ദൈവം മനുഷ്യനെയും, മനുഷ്യൻ ദൈവത്തെയും കണ്ടുമുട്ടുന്ന പുതിയ ദേവാലയമാണ് യേശു.

### III. സന്ദേശം

1. ദേവാലയത്തിൽ യേശു കൽപ്പിക്കുന്നത്, എന്റെ പിതാവിന്റെ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുതെന്നാണ് (2:16). ദേവാലയമെന്നല്ല, എന്റെ പിതാവിന്റെ ആലയമെന്നാണ് യേശു പറയുന്നത്. അത് വലിയൊരു വ്യത്യാസമാണ്. സ്വന്തം അവകാശങ്ങളെ തിരിച്ചറിയുന്നവന് മാത്രമേ ഇങ്ങനെ പറയാ

www.malankaralibrary.com

നാവൂ. താൻ ആരാണെന്നും തന്റെ അവകാശങ്ങൾ എന്തൊക്കെയാണെന്നും യേശുവിന് അറിയാമായിരുന്നു. നീ ആരാണെന്ന സത്യം നീ തിരിച്ചറിയണം. നീ ദൈവത്തിന്റെ മകനാണ്; മകളാണ്. എങ്കിൽ നിന്റെ പിതാവിന്റെ സ്വത്തെല്ലാം നിനക്കും അവകാശപ്പെട്ടതാണ്. ഈ തിരിച്ചറിവ് ഉണ്ടെങ്കിൽ മാത്രമേ ദൈവപുത്രത്വത്തിന്റെ മഹത്വത്തിലേക്ക് നീ വരുകയുള്ളൂ.

2. സ്വന്തം ശരീരമാകുന്ന ദൈവാലയത്തെപ്പറ്റിയാണ് യേശു പറഞ്ഞതെന്നാണ് തിരുവചനം (2:20). സ്വന്തം ശരീരം പിതാവിന്റെ ആലയമായി, ദൈവം വസിക്കുന്ന ഇടമായി യേശു കരുതിയെന്നു സാരം. ഒന്നാമത്തെ ദേവാലയം സ്വന്തം ശരീരം തന്നെയാണ്. ദൈവം നിനക്ക് ഒന്നാമതായി സന്നിഹിതനാകുന്നത് നിന്റെ ശരീരത്തിലാണ്, നിന്റെ ഹൃദയത്തിലാണ്. ഇത് തിരിച്ചറിയുമ്പോഴാണ് നീ ദൈവത്തിന്റെ മകനാകുന്നത്, മകളാകുന്നത്. നിന്നെയും നിന്റെ ശരീരത്തെയും നീ തിരിച്ചറിയുക; നിന്നിലും നിന്റെ ശരീരത്തിലും ദൈവമെന്ന പിതാവ് വസിക്കുന്നു എന്നറിയുക. ചുരുക്കത്തിൽ നിന്റെ ജീവിതത്തിൽ ഒരിക്കലും ഒരിടത്തും നീ ഒറ്റക്കല്ല എന്നർത്ഥം. എപ്പോഴും എല്ലായിടത്തും തമ്പുരാൻ നിന്റെ കൂടെയുണ്ട്.

3. ദേവാലയത്തിലെ യേശുവിന്റെ പ്രവൃത്തിയുടെ ചുരുക്കമിതാണ്– എന്റെ പിതാവിന്റെ ആലയം കച്ചവടസ്ഥലമാക്കരുത് (2:16). ജറുസലേം ദേവാലയത്തെക്കുറിച്ചാണ് ഈ പ്രസ്താവം. തിരുവചനം സൂചിപ്പിക്കുന്ന രണ്ടാമത്തെ ദേവാലയം ശരീരമാണ് (2:21). ശരീരമാകുന്ന ദേവാലയത്തിലും കച്ചവടം പാടില്ല. ലാഭേച്ഛയോടെ നടത്തുന്ന വ്യവഹാരമാണ് കച്ചവടം. നിന്റെ ശരീരത്തിൽ നീ അതു ചെയ്യാൻ പാടില്ല. പകരം എന്ത് കിട്ടുമെന്നു നോക്കാതെ പൂർണ്ണമായി സമർപ്പിക്കുക. അതിനു നിന്നെ പ്രേരിപ്പിക്കുന്നതാകട്ടെ, നിന്റെ മനസ്സിലെ പ്രേമവും. നിന്റെ കുടുംബവും ഒരർത്ഥത്തിൽ ദൈവം വസിക്കുന്ന ദേവാലയമാണ്. അവിടെയും നീ കച്ചവടം നടത്തരുത്. പകരം പ്രതിഫലം പ്രതീക്ഷിക്കാതെയുള്ള ആത്മദാനം നടക്കണ്ട ഇടമാണത്. ഒരർത്ഥത്തിൽ നീ ആത്മദാനം നടത്തുന്ന ഇടമൊക്കെ നിനക്കു ദേവാലയാണ്. നിന്റെ ദേവാലയങ്ങളെ നീ തിരിച്ചറിയുക.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: കോപവും കാളയും ചെരുപ്പും

ദൈവപുത്രനു കോപിക്കാമോ? ഞാൻ ശാന്തശീലനും വിനീതഹൃദയനുമാണെന്നു പറഞ്ഞവൻ ചാട്ടവാറെടുക്കുന്നതെന്തുകൊണ്ട്? ഹേറോദേസിനെ കുറുക്കൻ എന്നു വിളിച്ചവൻ തന്നെയല്ലേ സഹോദരനെ ഭോഷാ എന്നു വിളിക്കുന്നവൻ ന്യായവിധിക്കർഹനാകും എന്നു പറഞ്ഞത്? യേശുവിനെ പിണറായി വിജയൻ വിമോചനപ്പോരാളിയെന്നു വിളിക്കുന്നതിൽ തെറ്റുണ്ടോ? ദേവാലയശുദ്ധീകരണം മുൻനിർത്തി ചിന്തിക്കുമ്പോൾ വെളിവാകുന്ന ഉത്തരങ്ങൾ താഴെപ്പറയുന്നതാണ്.

www.malankaralibrary.com

മനുഷ്യനെ ശുദ്ധീകരിക്കുന്ന ഇടങ്ങളാണ് സ്നാനഘട്ടങ്ങൾ അഥവാ കുളിക്കടവുകൾ. എന്നാൽ പുഴയിലെ ഏറ്റവും അഴുക്കുപിടിച്ച ഇടങ്ങളായി ഈ ശുദ്ധീകരണ കേന്ദ്രങ്ങൾ മാറുന്നു. ഈ വൈരുദ്ധ്യം ദേവാലയത്തിൽ കണ്ടപ്പോഴാണ് യേശുവിന്റെ ചാട്ടവാറുയർന്നത്. സകലർക്കും വേണ്ടിയുള്ള പ്രാർത്ഥനാലയത്തിൽ  അടിമ, വെടി, പൂവൻകുല നേർച്ച, കോഴിവെട്ട്; ഊട്ടുനേർച്ച എന്നിങ്ങനെ ഭക്തിയുടെ മറവിൽ ഓണച്ചന്ത നടക്കുന്നതു കണ്ടപ്പോൾ യേശു മൂറോൻ തൈലമില്ലാതെ ജറുസലേം ദേവാലയം വെഞ്ചരിക്കുകയാണ്. മനുഷ്യൻ നിർമ്മിച്ചു നൽകിയ അതിവിശുദ്ധസ്ഥലത്ത് അടങ്ങിയൊതുങ്ങിയിരിക്കാതെ മനുഷ്യപുത്രൻ ആക്ഷൻ ഹീറോയായി മാറുമ്പോൾ തെളിയുന്ന സത്യമെന്താണ്? പള്ളി ഹുണ്ടികപ്പുരയാകാൻ പാടില്ല. അഹറോന്റെ പിൻമുറക്കാരായ പുരോഹിതർ ആടുവിൽപ്പനയ്ക്ക് ചൂട്ടുപിടിക്കരുത്.

ക്രിസ്തുവിനെ വിമോചനപ്പോരാളിയും രക്തസാക്ഷിയുമായി മാത്രം കാണാൻ ആഗ്രഹിക്കുന്നവർ പറയും, ദൈവപുത്രനു കോപിക്കാമെങ്കിൽ നമുക്കും കോപിച്ചുകൂടെ? ഇവിടെയാണ് ദൈവപുത്രന്റെ ധാർമ്മികരോഷവും കുഞ്ഞുകുട്ടി പരാധീനതകൾ മൂലമുള്ള മനുഷ്യന്റെ ദേഷ്യവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടത്. യേശു കോപിക്കുന്നത് പിതാവിന്റെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണതകൊണ്ടാണ്. കസാൻദ് സാക്കീസിന്റെ "ദൈവത്തിന്റെ നിസ്വനിൽ" ബ്രദർലിയോ ഫ്രാൻസീസിനോട് പറയുന്നതിങ്ങനെയാണ്. ഫ്രാൻസീസ്, നീ സ്വയം അണയൂ... അല്ലെങ്കിൽ ഈ ലോകത്തിന് തീ പിടിക്കും. പിതാവിന്റെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത തീപ്പന്തമായി ജ്വലിച്ചതിന്റെ സ്വാഭാവിക പ്രതിഫലനമാണ് യേശുവിന്റെ കോപം. യേശുവിന്റെ കോപജ്വാല ഭസ്മാസുരനെപ്പോലെ ഭസ്മമാക്കുന്നതല്ല. ദേവാലയത്തിന് നഷ്ടപ്പെട്ടുപോയ വിശുദ്ധിയുടെ താക്കോൽ വീണ്ടെടുക്കുന്നതിനുള്ള ടോർച്ചടിയാണ് യേശുവിന്റെ കോപം. ഈ കോപം സ്വകാര്യലാഭത്തിനുവേണ്ടിയല്ല. തന്നിഷ്ടം നടക്കാതിരുന്നതു മൂലമുള്ള ഇച്ഛാഭംഗം മൂലമല്ല. ഇഷ്ടമില്ലാത്തവരെയും വിമർശകരെയും കാണുമ്പോഴുണ്ടാകുന്ന സ്വാഭാവിക പ്രതികരണവുമല്ല. മറിച്ച് വഴിവിളക്കുകൾ കരിന്തിരി കത്തുന്നതിനെതിരെയുള്ള സമരപ്രഖ്യാപനമാണത്. സമൂഹത്തിന്റെ വഴിപിഴച്ചപോക്കിനെതിരെയുള്ള അപായ സൈറനാണത്. ഇതു വായിച്ചിട്ട് കോപിക്കാൻ തോന്നുന്നുണ്ടോ? എങ്കിൽ ഇതു കൂടി വായിക്കുക.

ഇന്നും സമൂഹത്തെ ശുദ്ധീകരിക്കാൻ ചാട്ടവാറുകളുമായി ഇറങ്ങുന്നവരേറെയുണ്ട്. എന്നാൽ നാടുനന്നാ ക്കാനിറങ്ങുന്നവൻ വീടു നന്നാക്കാൻ മറന്നുപോകുന്നു. തെരുവു വൃത്തിയാക്കാൻ സേവനവാരത്തി നിറങ്ങു ന്നവൻ സ്വന്തം മുറ്റം വൃത്തിയാക്കാൻ മറക്കുന്നു. സമൂഹത്തെ കുളിപ്പിക്കാനിറങ്ങുന്നവർ സ്വയം കുളി ക്കാൻ മറന്നുപോകുന്നു. ആത്മാക്കളെ രക്ഷിക്കാനിറങ്ങുന്നവർ സ്വന്തം ആത്മരക്ഷയെക്കുറിച്ച് മറന്നുപോകുന്നു. ബർണാഡ്ഷാ

www.malankaralibrary.com

പറഞ്ഞതെത്രയോ സത്യം: "നീ നിന്റെ മുറ്റം വൃത്തിയാക്കുക. അപ്പോൾ തെരുവ് താനെ വൃത്തിയായിക്കൊള്ളും".

കാളയും ആടും ശരീരത്തിൽ കയറിയാൽ

ദേവാലയത്തിൽ ഉണരേണ്ടത് മനുഷ്യനിലെ ദൈവികതയാണ്. അവിടെ കാളയും ആടും കയറി മേഞ്ഞാലോ? ദൈവമേഖലയിലേക്ക് ഉയരേണ്ട മനുഷ്യൻ മൃഗമേഖലയിൽ കുരുങ്ങുമ്പോഴാണ് പരിശുദ്ധാ ത്മാവിന്റെ ആലയമായ ശരീരം മൃഗശാലയാകുന്നത്. കേരളത്തെ നടുക്കിയ കണിച്ചുകുള ങ്ങര കൂട്ടക്കൊല ക്കേസിലെ ഒന്നാം പ്രതിയുടെ പേരു വായിച്ചപ്പോൾ കൗതുകം തോന്നി. മൃഗം സാജു! ജനിച്ചപ്പോൾ നിഷ്ക്കളങ്ക നായിരുന്ന അവന് മാതാപി താക്കൾ ഇട്ടപേരാണ് മൃഗം സാജു. എന്നാൽ വളർന്നപ്പോൾ മൃഗീയ വാസനകളുടെ കാളയും ആടും അവന്റെ ശരീരത്തിൽ ഭരണം നടത്തിയപ്പോൾ നാട്ടുകാർ അവനു നൽകിയ പേരാണ് "മൃഗം സാജു". ഈ പേരെന്താണ് നമ്മെ ഓർമ്മിപ്പിക്കുന്നത്? വെള്ളയുടുപ്പിട്ട് ആദ്യകുർബാന സ്വീകരണത്തിനു നിന്ന നിഷ്കളങ്കനിൽ നിന്ന് ഞാനെത്ര അകലെയാണെന്ന ചോദ്യമാണോ? ദേവാലയത്തിൽ നിന്ന് മൃഗശാല യിലേക്കുള്ള ദൂരം മാലാഖത്തലവനിൽ നിന്ന് ലൂസിഫറിലേക്കുള്ള വീഴ്ച്ചയുടെ ദൂരമാണ്. നിഷ്കളങ്കനായ സാജുവിൽ നിന്ന് മൃഗം സാജുവിലേക്കുള്ള വഴി ദൂരമാണ്. മറിയ ഗോരേത്തിയിൽ നിന്ന് നളിനി ജമീലയിലേ ക്കുള്ള ദൂരമാണത്.

ഇടവക ദേവാലയത്തിന്റെ നടക്കല്ലിൽ ചെരുപ്പൂരണോ എന്നു സംശയിച്ചു നിൽക്കുന്ന അഭിനവ മോശമാരോട് മുൾപ്പടർപ്പിൽ എരിഞ്ഞുതീരാത്ത ദൈവം സംസാരിക്കുന്നതു കേൾക്കുക "നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്. നിന്റെ പാദരക്ഷകൾ അഴിച്ചുമാറ്റുക". "നിന്റെ വസ്ത്രമല്ല, ഹൃദയമാണ് കീറേണ്ട തെന്ന്" ചെവിട്ടോർമ്മ തരുന്ന എസക്കിയേലും പറയുന്നതിതുതന്നെയല്ലേ? ഏശയ്യായുടെ അശുദ്ധിമാറ്റാൻ കൊടിലിൽ കനലെടുത്ത മാലാഖേ, ദൈവ സന്നിധിയിൽ പ്രവേശിക്കുന്നതിൽ നിന്ന് എന്നെ തടയുന്ന അശുദ്ധിയുടെ തുകൽചെരുപ്പുകളഴിക്കാൻ ഞങ്ങളെ സഹായിക്കണേ. ഒപ്പം സൂര്യനസ്ത മിക്കുന്നതിനുമുമ്പ് ഞങ്ങളുടെ കോപങ്ങളവസാനിപ്പിക്കാനും.

**ഫാ. മാർട്ടിൻ ശങ്കൂരിക്കൽ**

www.malankaralibrary.com



# യോഹ. 3: 14 - 21

മാർച്ച് 18 ഞായർ

## I. സന്ദർഭം

യോഹന്നാന്റെ സുവിശേഷത്തിന്റെ ഒന്നാം ഭാഗത്ത് (1:12) യേശു തന്റെ വ്യക്തിത്വവും, ദൈവികതയും പ്രധാനമായും വെളിപ്പെടുത്തുന്നത് മറ്റുള്ള വരുമായുള്ള സംവാദത്തിലൂടെയും, സംഭാഷണത്തിലൂടെയുമാണ് (ഉദാ. യോഹ 1:43–49; 2:13–25; 3:1–15; 4:1–26; 5:1–18). ഇന്നത്തെ തിരുവചനത്തിന്റെ (3:16–18) പശ്ചാത്തലം യേശുവും, നിക്കോദേമൂസും നടത്തിയ സംഭാഷണ ത്തിന്റെ തുടർച്ചയാണ്. ഫരിസേയനായ നിക്കോദേമൂസ് ഒരു യഹൂദപ്രമാണി യായിരുന്നു; അയാളുമായുള്ള സംഭാഷണത്തിലൂടെ ദൈവത്തിൽ നിന്ന് ജനിച്ചവന് മാത്രമേ രക്ഷ കൈവരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന സത്യം (3:3,5) വിശ്വാസികളിൽ രൂഢമൂലമാക്കുകയാണ് സുവിശേഷകൻ ചെയ്യുന്നത്.

## II. പ്രമേയം

ജീവദായകമായ ക്രൈസ്തവവിശ്വാസത്തിന്റെ സത്തയാണ് ഇന്നത്തെ തിരുവചനഭാഗത്തിന്റെ പ്രമേയം. മരുഭൂമിയിൽ സർപ്പദംശനമേറ്റ് വീണ ഇസ്രായേൽ ജനം മോശ ഉയർത്തിയ പിത്തളസർപ്പത്തിന്റെ ദർശനം വഴി രക്ഷിക്കപ്പെട്ടു (സംഖ്യ 21:9). കുരിശിൽ ഉയർത്തപ്പെട്ട യേശുവിൽ വിശ്വസി ക്കുക വഴി മനുഷ്യർക്ക് നിത്യജീവൻ കരഗതമാകുന്നു (3:15,18).

## III. സന്ദേശം

1. രണ്ടാമതുള്ള ജനനത്തെക്കുറിച്ചും നിത്യജീവനെക്കുറിച്ചുമാണ് യേശു നിക്കോദേമോസിനോട് സംസാരിക്കുന്നത് (3:3–5). മരണത്തിനുശേഷവും നിലനിൽക്കുന്ന നിത്യമായ ജീവൻ സ്വന്തമാക്കണമെങ്കിൽ നീ യേശുവിൽ വിശ്വസിക്കണം (3:18). യേശു നിന്റെ കൂടെയുണ്ടെന്ന് വിശ്വസിക്കുക; അവൻ നിന്നെ സംരക്ഷിക്കുമെന്നു വിശ്വസിക്കുക; അവന്റെ ജീവിതവീക്ഷണത്തിലും പ്രമാണങ്ങളിലും നീ വിശ്വസിക്കുക. അപ്പോൾ നീ നിത്യമായ ജീവൻ സ്വന്ത മാക്കും. മറ്റുള്ളവർക്കുവേണ്ടി കുരിശിൽ മരിച്ചവനെ അനുകരിച്ച് മറ്റുള്ളവർക്ക് വേണ്ടി നിസ്വാർത്ഥ ജീവിതം നയിച്ചാൽ നീ നിത്യജീവൻ സ്വന്തമാക്കും; ദൈവരാജ്യത്തിൽ പ്രവേശിക്കും. ഇങ്ങനെയാണ് നിന്റെ രക്ഷ യാഥാർത്ഥ്യ മാകുന്നത്.

www.malankaralibrary.com

2. തന്റെ ഏകജാതനെ നൽകിയാണ് ദൈവം മാനവരക്ഷ സാധിച്ചത്. ഏറ്റവും വലിയ രക്ഷ യാഥാർത്ഥ്യമാക്കാൻ ഏറ്റവും വലിയ കൊടുക്കൽ ആവശ്യമായി വന്നു എന്നു സാരം. എത്രമാത്രം കൊടുക്കാൻ നിനക്കു കഴിയുന്നുവോ, അത്രമാത്രം രക്ഷിക്കാനും നിനക്കു സാധിക്കും. നിന്റെ പ്രിയർക്കായി നീ കൊടുക്കുമ്പോഴൊക്കെ– നിന്റെ ആരോഗ്യവും, സമയവും, കഴിവുകളും, ധനവും – നീ രക്ഷ സാധിതമാക്കിക്കൊണ്ടിരിക്കുകയാണ്. നിന്റെ രക്ഷയും നിന്റെ പ്രിയരുടെ രക്ഷയും.

3. ദൈവം പുത്രനെ നൽകിയത് ലോകത്തെ ശിക്ഷിക്കാനല്ല, രക്ഷിക്കാനാണ് (3:17). ശിക്ഷിയ്ക്കുകയല്ല, രക്ഷിക്കുകയാണ് ദൈവത്തിന്റെ രീതി. ഈ രീതിയാണ് നീയും സ്വായത്തമാക്കേണ്ടത്. പ്രിയരുടെയും സഹജരുടെയും രക്ഷയും സന്തോഷവുമായിരിക്കണം നിന്റെ ലക്ഷ്യം. അപ്പോഴാണ് നീ ദൈവപുത്രനായിത്തീരുന്നത്.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: അരികിലെ നക്ഷത്രം

പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തേക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിന്മനിറഞ്ഞതായിരുന്നു (യോഹ. 3:19).

ഒ. വി വിജയന്റേതായി 'ഗുരുസാഗരം' എന്നൊരു നോവലുണ്ട്. അതിൽ ലളിത എന്നുപേരുള്ള ഒരു യുവതിയുണ്ട്. പഴയൊരു ബ്രാഹ്മണ കുടുംബത്തിലാണവൾ പിറന്നത്. ചേട്ടൻ  പട്ടാളത്തിലായിരുന്നു. യുദ്ധത്തിലയാൾ കൊല്ലപ്പെട്ടതോടെ എല്ലാം മാറി മറിഞ്ഞു. രണ്ടു അനുജത്തിമാർക്ക് പഠിപ്പു തുടരാൻ വേണ്ടി ലളിത പഠിപ്പു നിർത്തി. പിന്നെ, ഓമന എന്ന അയൽക്കാരിയുടെകൂടെ ജോലിയന്വേഷിച്ച് ദില്ലിയ്ക്കു വന്നു. അവിടത്തെ തിരക്കുകളിൽ നന്മയുടെ ആദ്യപാഠങ്ങൾ അവൾ വിസ്മരിച്ചു. പാരായണ ജപങ്ങൾ ഉപേക്ഷിച്ചു.

ഒരിക്കൽ അവൾ താമസിക്കുന്ന ചെറിയ മുറിയിലേക്ക് ഗുരുതുല്യനായ കുഞ്ഞുണ്ണി കടന്നു വരാനിടയായി. വല്ലാതെ അലങ്കോലപ്പെട്ടു കിടന്ന മുറിയിലെ ചൂടിക്കട്ടിലിൽ ഇരുന്ന് അവളോടു സംസാരിക്കുകയായിരുന്നു. പെട്ടെന്നയാളുടെ ശ്രദ്ധ ഒരു മുക്കാലിപ്പുറത്തുവെച്ച ചെറിയ നിലവിളക്കിൽ പതിഞ്ഞു. നിലവിളക്ക് കയ്യിലെടുത്തയാൾ ചോദിച്ചു: "ഇത് അലങ്കാര വസ്തുവാ". അതെയെന്നവൾ പറഞ്ഞു. ചോദിച്ചു വാങ്ങിയ പഴന്തുണി ചീന്തി നുറുക്കുകളാക്കി അയാൾ കൈപ്പത്തിയിൽ തിരുകിപ്പിടിപ്പിച്ച് തിരികളുണ്ടാക്കി. എണ്ണയടുപ്പിന്റെ പരിസരങ്ങളിൽ നിലത്തു വെച്ചിരുന്ന കടുകെണ്ണയെടുത്ത് വിളക്കിലൊഴിച്ചു.

ആശ്വര്യത്തോടെ നോക്കി നിന്ന ലളിതയോട് കുഞ്ഞുണ്ണി പറഞ്ഞു: ഇന്ന് ലളിത ഈ വിളക്ക് കൊളുത്തണം. അവൾ സമ്മതിച്ചു. "അച്ഛൻ ജപിച്ച

www.malankaralibrary.com

മന്ത്രങ്ങൾ എന്തെങ്കിലും ഓർമ്മയുണ്ടോ?" ഉണ്ടെന്നു പറഞ്ഞപ്പോൾ അയാൾ തുടർന്നു: "എന്നാൽ, ലളിത ഇന്ന് അത് ജപിച്ചുതുടങ്ങണം". മകളെപ്പോലെയവൾ അപ്പോൾ അനുസരണയുള്ളവളായി. അയാളുടെ വാത്സല്യപൂർണ്ണമായ വാക്കുകൾ ആ മുറിയെ മാത്രമല്ല ലളിതയുടെ ഹൃദയത്തെയും പ്രകാശപൂർണ്ണമാക്കി. പിന്നീടൊരിക്കലും അവൾക്ക് ആ ചെറിയ നിലവിളക്കിൽ തിരികൊളുത്താതിരിക്കാൻ കഴിഞ്ഞിട്ടില്ല; നാമജപങ്ങൾ ഉപേക്ഷിക്കാനും. ഇങ്ങനെയാണ് ചിലരുടെ ഇടപെടലുകൾ ജീവിതത്തെ പ്രകാശപൂർണ്ണമാക്കുന്നത്; ക്രിസ്തുവിനെപ്പോലെ.

ക്രിസ്തുവിന് അവനെക്കുറിച്ചുതന്നെയുള്ള ഏറ്റവും മനോഹരമായ സാക്ഷ്യം; "ഞാൻ ലോകത്തിന്റെ പ്രകാശമാണ്" എന്നതാണ്. അവനെ അനുകരിക്കുകയെന്നാൽ സ്വയം പ്രകാശിതരാകാൻ തയ്യാറാകുകയെന്നാണ് അർത്ഥം. ജീവിതത്തിന്റെ പാതിവഴിയിൽ അവനെ ഉപേക്ഷിച്ചു നടന്നു നീങ്ങിയ ശിഷ്യനാണ് യൂദാസ്. അതോടുകൂടിയവൻ ഇരുട്ടിലേക്കു നിപതിക്കുന്നു. ക്രിസ്തുവിനെ ഉപേക്ഷിച്ചതോടെ സത്യപ്രകാശത്തേയവൻ നഷ്ടപ്പെടുത്തുന്നു. അങ്ങനെയാണവൻ കൃത്രിമമായ വെളിച്ചത്തെ ആശ്രയിച്ചത്. കെദ്രോൺ താഴ്‌വരയിൽ ക്രിസ്തുവിനെ ഒറ്റിക്കൊടുക്കാൻ വന്ന യൂദാസ് പന്തങ്ങളും വിളക്കുമായിട്ടാണ് വന്നതെന്നോർമ്മിക്കു. കൃത്രിമപ്രകാശം അവനൊരിക്കലും സഹായകമാകുന്നില്ല. കാഴ്ച നഷ്ടപ്പെട്ട ഒരാൾക്ക് ഏതുപകൽവെട്ടത്തു നടന്നാലും ജീവിതം ഇടറും. ഒരു സഞ്ചാരിക്ക് തന്റെ യാത്രയിൽ സംഭവി ക്കാവുന്ന ഏറ്റവും മോശമായ ദുരന്തമെന്നത് മാർഗ്ഗദീപം കെട്ടുപോകുന്നതാണ്. ആ ദുരന്തമാണ് പലർക്കുമിപ്പോൾ സംഭവിക്കുന്നത്.

ആൽബർട്ട് ഐൻസ്റ്റീൻ അദ്ദേഹത്തിന്റെ അന്ത്യനാളുകളിൽ സങ്കടപ്പെട്ടു: "എന്റെ ജീവിതം പാഴായി പ്പോയെന്ന് എനിക്കിപ്പോൾ തോന്നുന്നു. ഞാൻ അതിവിദൂരങ്ങളായ നക്ഷത്രങ്ങളിലേക്ക് അന്വേഷണം നടത്തി. എന്നാൽ എന്നിലേക്കു തന്നെ അന്വേഷണം നടത്താൻ മറന്നുപോയി. ഞാൻ തന്നെയായിരുന്നു ഏറ്റവും അരികിലത്തെ നക്ഷത്രം.

ആകാശത്തിലെ നക്ഷത്രങ്ങൾ മാത്രമല്ല ഭൂമിയിലെ മനുഷ്യർക്കും പ്രകാശിക്കാനാകും എന്നറിയുക. യഥാർ ത്ഥത്തിൽ, ക്രിസ്തുവിനെ സ്നേഹിച്ച് അവന്റെ കൽപനകളെ അനുസരിച്ചു തുടങ്ങിയാൽ നമ്മളും പ്രകാശി തരാകും. മറിച്ച് അവനോടുള്ള സ്നേഹം വെറുമൊരു പ്രകടനമാണെങ്കിൽ അന്ധകാരത്തിൽ തന്നെ തുടരാനാണ് ദുർവിധി. ഒത്തിരി വേദനയോടെയും കണ്ണീരോടെയും അന്ധയായ ഒരു സ്ത്രീ തന്റെ ആത്മകഥയിൽ കുറിച്ചു: "കണ്ണുകളിൽ വെളിച്ചമുള്ള ഒരുപാടു മനുഷ്യരോടൊപ്പം ഞാൻ നടന്നിട്ടുണ്ട്. അവർ കടലും ആകാശവും നഗരവീഥികളും തെരുവോരങ്ങളും കാണുന്നുണ്ട്. എന്നാൽ കാണേണ്ടതൊന്നും കാണുന്നില്ല. It is Farbetter to live forever in the light of

www.malankaralibrary.com

blindness, than to satisfy with the more act of seeing". പുറമേ എല്ലാം കാണുമ്പോഴും ഉള്ളിൽ നമുക്കുനഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വെളിച്ചത്തെക്കുറിച്ചുള്ള ഒരു അന്ധയുടെ ആത്മ രോദനമാണീ വാക്കുകൾ. കണ്ണുകളിൽ ഇരുട്ടു പടർന്നിട്ടും കരളിൽ വെളിച്ചം നിറഞ്ഞു നിന്ന ആ സ്ത്രീയുടെ പേര് ഹെലെൻ കെല്ലർ എന്നാണ്. നൂറ്റാണ്ടുകളായി ക്രിസ്തു പ്രഘോഷിക്കപ്പെടുന്നു; അവന്റെ വചനം വിളംബരം ചെയ്യപ്പെടുന്നു. എന്നിട്ടും പലരുടെയും ജീവിത തലങ്ങളിൽ ഒരംശംപോലും മാറ്റം സംഭവിക്കുന്നില്ല. നമ്മുടേത് ഇപ്പോഴും ക്രിസ്ത്വാനുഭവത്തിൽ ആഴപ്പെട്ട ജീവിതമല്ല. വചനം ഹൃദയത്തിലേക്കു കയറി മാംസം ധരിച്ചിട്ടുമില്ല.

ക്രിസ്തു അകലെ ആകാശത്ത് നിശ്ചലമായി നിൽക്കുന്ന ഒരു നക്ഷത്രം മാത്രമാണ്. നമ്മളവനെ കാണുന്നു, ആ ശോഭയിൽ ആമഗ്നരാകുന്നു. അവനെക്കുറിച്ച് ധ്യാനിക്കുകയും സ്തുതിഗീതകങ്ങൾ ആലപിക്കുകയും ചെയ്യുന്നു. എന്നാൽ അതിനു മാത്രമേ കഴിയുന്നുള്ളൂ. അവനിപ്പോഴും നമ്മുടെ ജീവിതത്തിൽ നിന്നും വിദൂരത്താണ്. നമുക്കൊരിക്കലും അവനിലെക്കെത്താനോ, അവനെ നമ്മിലേക്കടുപ്പിക്കാനോ അനുവദിക്കാത്ത അകലം ഇപ്പോഴും സൂക്ഷിക്കുന്നുണ്ട്. വാനിലെ നക്ഷത്രങ്ങൾ നോക്കി നിൽക്കുന്നതുകൊണ്ട് ഒരാൾക്ക് ഒരി ക്കലും നക്ഷത്രമാകാൻ കഴിയില്ല. ക്രിസ്തുനാമം ഉരിവിട്ടതുകൊണ്ടോ, അവന് ആരാധനകൾ അർപ്പിച്ചതു കൊണ്ടോ നമ്മളിൽ വെളിച്ചം ജ്വലിക്കില്ല. "തിന്മ പ്രവർത്തിക്കുന്നവർ പ്രകാശത്തെ വർത്തിക്കുന്നു. അവന്റെ പ്രവൃത്തികൾ വെളിപ്പെടാതിരിക്കുന്നതിന് അവൻ വെളിച്ചത്തു വരുന്നുമില്ല" (യോഹ 3:20). ഈ വചനം ഒരു ഓർമ്മപ്പെടുത്തലാണ്. നമ്മൾ ഇപ്പോഴും അനുവർത്തിക്കുന്ന കാപട്യം നിറഞ്ഞ ഭക്താനുഷ്ഠാന ങ്ങൾക്ക് അപ്പുറമായി പലതും നിർവ്വഹിക്കാനുണ്ടെന്നുള്ള സ്നേഹപൂർണ്ണമായ ഓർമ്മപ്പെടുത്തൽ.

**ഫാ. ജോനാഥ് കപ്പുച്ചിൻ**

www.malankaralibrary.com



# യോഹ. 12: 20 - 33

മാർച്ച് 25 ഞായർ

## ഭാഷ്യം

### I. സന്ദർഭം

പെസഹാത്തിരുന്നാൾ സമീപിച്ചപ്പോൾ (11: 55) യേശു ബഥാനിയായിലേക്കു വരുന്നു (12: 1). അവിടെനിന്ന് അവൻ ജറുസലെം നഗരത്തിലേക്കു പ്രവേശിക്കുന്നു (12: 12-19). അതിനുശേഷം വരുന്ന സംഭാഷണമാണ് ഇന്നത്തെ വചനഭാഗം.

### II. പ്രമേയം

ഗ്രീക്കുകാർ യേശുവിനെ കാണാൻ വരുന്നു. അവനെ കാണുന്നതിനായി അവർ പീലിപ്പോസിന്റെ സഹായം സ്വീകരിക്കുന്നു. പീലിപ്പോസ് അന്ത്രയോസിന്റെ സഹായത്തോടെ യേശുവിനെ വിവരമറിയിക്കുന്നു. അപ്പോൾ യേശു ഗോതമ്പുമണിയെക്കുറിച്ചും, ജീവൻ നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചും പഠിപ്പിക്കുന്നു.

### III. സന്ദേശം

1. ഗ്രീക്കുകാർ യേശുവിനെ കാണാൻ പീലിപ്പോസിന്റെയും അന്ത്രയോസിന്റെയും സഹായം സ്വീകരിക്കുന്നു (12:20-22). യേശുവിന്റെ അടുത്തെത്താൻ നിനക്കും പലരുടെയും സഹായം ആവശ്യമായി വന്നേക്കാം. സ്വീകരിക്കാൻ മടിക്കരുത്. പ്രധാനം, അവന്റെ അടുത്തെത്തുക എന്നതാണ്. അതോടൊപ്പം പലരെയും യേശുവിന്റെ അടുത്തെത്തിക്കാനും നിനക്കാകും. നിന്റെ ശിഷ്യത്വത്തിന്റെ ധർമ്മം തന്നെയാണത്.

2. സ്വർഗ്ഗത്തിൽ നിന്നുള്ള സ്വരം യേശുവിനോട് സംസാരിച്ചപ്പോൾ ഇടിമുഴക്കമായിട്ടാണ് ജനക്കൂട്ടം അതിനെ കരുതുന്നത് (12:28-29). നിന്റെ ജീവിതത്തിലും ഇത് സംഭവിക്കാം. നിനക്കുണ്ടാകുന്ന ദൈവാനുഭവങ്ങൾ മറ്റുള്ളവർക്ക് മനസ്സിലായിക്കൊള്ളണമെന്നില്ല. ഏതൊരു ദൈവാനുഭവത്തിന്റെയും സ്വഭാവമാണത്. തിരച്ചറിയുകയും അംഗീകരിക്കുകയും ചെയ്യാത്തവർക്കെതിരെ നീങ്ങുകയല്ല നീ ചെയ്യേണ്ടത്. മറിച്ച് ശാന്തതയോടെ നിന്റെ ദൈവാനുഭവവുമായി മുന്നോട്ടു പോകുകയാണ്.

3. ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുന്ന കുരിശുമരണത്തിലൂടെ എല്ലാവരെയും

www.malankaralibrary.com

ആകർഷിക്കുമെന്നാണ് യേശു പറയുന്നത് (12:32-33). സ്നേഹത്തിനുവേണ്ടി നീ സഹനം ഏറ്റെടുക്കുമ്പോഴാണ് നിന്നിലേക്ക് മറ്റുള്ളവർ ആകൃഷ്ടരാകുന്നത്. നിന്റെ പ്രിയൻ നിന്നെ വിട്ടുപിരിയാതെ നിന്റെ കൂടെ നിൽക്കുന്നത് നീ അവർക്കുവേണ്ടി സഹനം ഏറ്റെടുക്കുമ്പോഴാണ്. നിന്റെ സ്നേഹത്തിന് നീ കൊടുക്കുന്ന വിലയാണ് സഹനം.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: നിലംപറ്റിയഴിഞ്ഞ ഗോതമ്പ് മണിയാകുക

ശിശുക്കൾ നടക്കാൻ തുടങ്ങുന്നു. കാലുറയ്ക്കാതെ അവർ നിലത്ത് വീഴുന്നു. ചിലർ നിലവിളിക്കുന്നു. ചില കുഞ്ഞുങ്ങളുടെ കാൽപൊട്ടി ചോരയൊലിക്കുന്നു. ഇതെല്ലാം കണ്ട് ഒരമ്മ തന്റെ കുഞ്ഞിനെ മറോടണച്ചു പിടിക്കുന്നു. 'ഇങ്ങനെ നൊമ്പരപ്പെടാൻ ഞാനെന്റെ കുഞ്ഞിനെ താഴെ ഇറക്കില്ലെന്ന്' അവർ തീരുമാനിക്കുന്നു. അമ്മയ്ക്കും കുഞ്ഞിനും പ്രായമാകുന്നു. അമ്മയ്ക്ക് കുഞ്ഞ് ഭാരമാകുന്നു. അസഹ്യമായപ്പോൾ, അമ്മ, കുഞ്ഞിനെ താഴേക്ക് ഇറക്കി വിടുന്നു. സന്ധിബന്ധങ്ങൾ ബലപ്പെട്ടിട്ടില്ലാത്ത കുഞ്ഞിന് നടക്കാനാകുന്നില്ല. അമ്മ നിരാശപ്പെടുന്നു. ആ കുഞ്ഞിന്റെ അത്രയും പ്രായമുള്ളവരൊക്കെ ഓടിയും ചാടിയും ജീവിതത്തിൽ ദീർഘദൂരം പിന്നിടുന്നു. "ഗോതമ്പ് മണി നിലത്ത് വീണ് അഴിയുന്നില്ലെങ്കിൽ, അത് അതേപടി ഇരിക്കും. അഴിയുന്നെങ്കിൽ അത് വളരെ ഫലം പുറപ്പെടുവിക്കും" (24). ഈശോയുടെ ഈ വചനം ഏറെ ചിന്താർഹ മാണിവിടെ.

നമുക്ക് ജന്മം തന്നതിലൂടെ നാമാകുന്ന ഒരു വിത്തിന് ദൈവം രൂപം കൊടുത്തിരിക്കുന്നു. നമ്മുടെ ദുഃസ്വഭാവ ത്താൽ അതിന് കഠിനമായ ഒരു ആവരണം ഉണ്ടായിരിക്കുന്നു. ഇനി അത് അതേപടി ഇരിക്കാനുള്ളതല്ല, അത് മുളപൊട്ടി, ചിന്തയുടേയും ബുദ്ധിയുടേതും ആത്മീയതയുടേയും ചില്ലകളിൽ ജ്ഞാനത്തിന്റേയും കർമ്മ ത്തിന്റേയും ഫലമായി മാറണം. വിത്തിലുണ്ടായ പുറന്തോട്, നമ്മെ പറ്റിനിൽക്കുന്ന അർത്ഥരഹിതമായ ലൗകീകതയാണ്. ഏറെ നാളായി നമ്മുടെ ഭാഗമായി നാം കൊണ്ടുനടക്കുന്ന സ്വാർത്ഥതയുടേയും ദുരഭിലാഷ ത്തിന്റെയും പുറന്തോട് പൊളിച്ച് കളയുമ്പോൾ മുറിവും വേദനയും സ്വാഭാവികമാണ്. ദൈവേഷ്ടമനുസരിച്ച് നാമനുഭവിക്കുന്ന നൊമ്പരമെല്ലാം തണൽവൃക്ഷവും ഫലവും നൽകാനുതകുന്ന ജലവും വളവുമാണ്. "നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക, അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും" (മർ ക്കോ 10:21) എന്ന് ഈശോ പറഞ്ഞ ക്ഷണത്തിൽ വിഷണ്ണനായി കടന്നുപോയ ധനവാൻ അവന്റെ സ്വർഗ്ഗരാജ്യ പ്രവേശനത്തിന് വിലങ്ങ് തടിയായി. നിലത്ത് വീണ് അഴിയാൻ മനസ്സില്ലാത്തവന് ദൈവത്തെ നഷ്ടമാകുന്നു.

അദ്ധ്വാനിക്കാതെ ആഹരിക്കുവാനും പരിശ്രമിക്കാതെ പ്രശ്നം

www.malankaralibrary.com

പരിഹരിക്കുവാനുമുള്ള ചിലരുടെ നിലപാടുകൾ ജീവിതത്തെ നിസ്സാരവൽക്കരിക്കുന്നു. ജീവിതം ദൈവത്തിന്റെ ദാനമാകയാൽ അത് വിലയേറിയതാണ്. വിലയുള്ള ജീവിതത്തെ വിലകൊടുത്ത് തന്നെയാണ് നിലനിർത്തേണ്ടത്. അനുഭവിക്കുന്ന വേദനയും ചിന്തുന്ന കണ്ണീരും ജീവിതത്തെ സ്വായത്തമാക്കുവാനുള്ള മൂല്യങ്ങളാണ്. പാറകൾക്കിടയിൽ സിമന്റ് കൂട്ട് ചേർത്ത് ഭവനത്തിന് അടിത്തറപാകുന്നതുപോലെ അദ്ധ്വാനത്തിന്റേയും വിയർപ്പിന്റേയും കൂടിച്ചേരലാണ് ജീവിതം പണിതുയർത്തുവാനുള്ള അടിത്തറ. ഈ അടിത്തറയുടെ നിലനിൽപ്പ് ദൈവത്തിലാണ്. ദൈവത്താൽ വിളിക്കപ്പെട്ടതും ദൈവത്താൽ സംയോജിക്കപ്പെട്ടതുമായ ജീവിതത്തിന്റെ താളം നിലനിർത്താൻ ദൈവം മാത്രം വിചാരിച്ചാൽ ആകില്ല, നമ്മുടെ കൂടി സഹകരണവും മനഃസാന്നിദ്ധ്യവും ആവശ്യമാണ്. ദൈവം നൽകിയ ജീവിതം ഫലസാധ്യതകൾ ഉള്ളതാണ്. സാധ്യമായ ഫലത്തിനായ് മാറ്റം വരുത്തുവാൻ മനസ്സാകേണ്ടിയിരിക്കുന്നു. വ്യക്തിതാൽപര്യങ്ങൾ നമുക്കുണ്ടാകാം. എന്നാൽ അത് സമൂഹത്തിന്റേയും കുടുംബത്തിന്റേയും സുഹൃത്ത്ബന്ധത്തിന്റേയും നന്മയ്ക്ക് വിഘാതം സൃഷ്ടിക്കുന്നു വെങ്കിൽ മാറ്റത്തിന് വിധേയമായിക്കൊണ്ട് നമ്മുടെ അഭിലാഷങ്ങളെ ബലികൊടുക്കാൻ നാം നിശ്ചയിക്കണം. ദൈവത്തിന്റെ സ്വപ്നം നമ്മിൽ പൂക്കുന്നത് ഓരോ ഘട്ടത്തിലും ജീവിതം ബലക്കല്ലിൽ അർപ്പിതമാകു മ്പോഴാണ്.

മക്കളെ പോറ്റുവാനുള്ള മാതാപിതാക്കളുടെ അദ്ധ്വാനം ബലിയല്ലാതെ മറ്റെന്താണ്? മാതാപിതാക്കളുടെ വിയർപ്പും കണ്ണീരും ഈ മണ്ണിൽ വീണലയിക്കുമ്പോൾ, അവരുടെ ജീവിതം ഗോതമ്പ്മണിപോലെ അഴിയുക യാണിവിടെ. ഈ അഴിയൽ നാശമല്ല, പുതിയ സൃഷ്ടിയെ തഴുകി ഉണർത്തലാണ്. ദൈവസന്നിധിയിൽ മെഴുകുതിരികൾ കത്തിച്ച് വച്ചിട്ട് തന്റെ മക്കൾക്ക് വേണ്ടി കണ്ണീരൊഴുക്കി പ്രാർത്ഥിക്കുന്ന അമ്മയുടെ ഹൃദയം മെഴുകുതിരിപോലെ ഉരുകുന്നു. ആ പ്രാർത്ഥന മക്കളുടെ ജീവിതത്തിൽ ഫലമായി മാറുന്നതുപോലെ ഉരുകിയ ഹൃദയത്തിൽ ഒരു സുഖാനുഭവം നൽകിക്കൊണ്ട് തണുത്ത തെളിനീര് ഒഴുകി ഇറങ്ങും. അതുമതി അമ്മയുടെ ജീവിതം ധന്യമാകാൻ. വെട്ടം വച്ച് തുടങ്ങുമ്പോൾ മുതൽ സൂര്യൻ ആഴിയിൽ മുങ്ങുന്നതുവരെ കഠിനാവസ്ഥകളോട് മല്ലിട്ട് വിയർപ്പ് ചിന്തുന്ന അപ്പനും ഉള്ളിൽകൊണ്ടു നടക്കുന്ന സ്വപ്നം തന്റെ ജീവിത പങ്കാളിയുടേയും മക്കളുടേയും സുഖമല്ലാതെ മറ്റെന്താണ്? രാപ്പകൽ ഓടിനടന്ന് ഇടവകയുടെ ക്ഷേമത്തിനായി അദ്ധ്വാനിക്കുന്ന പുരോഹിതനു മുന്നിൽ എത്തുന്നവരുടെ കദനസ്വരത്തിന് കാതോർത്ത്, അവർക്ക് ജീവിതത്തിലേക്ക് തിരിച്ച് നടക്കാൻ പ്രേരണയാകുന്ന സന്ന്യാസിയും നിലത്ത് വീണ് അഴിയുന്നവരിൽപ്പെടുന്നു. അടുക്കളയിലെ സ്ത്രീകളുടേയും തൊഴിൽശാലയിലെ സഹോദരങ്ങളുടേയും ആത്മീയഗുരുക്കന്മാരുടേയും ജീവിതം ഓരോ തരത്തിൽ ബലിയായി ഫലമാകുന്നവയാണ്.

www.malankaralibrary.com

സന്മനസ്സോടുകൂടി ചെയ്യുന്നുവെങ്കിൽ ഇവയെല്ലാം ദിവ്യബലിയുടെ പ്രതിഫല നങ്ങൾ തന്നെയാണ്.

സമൂഹത്തിന്റെ സമൃദ്ധിക്ക് വേണ്ടി നിരന്തരം മുറിവേറ്റിട്ട് പരിഭവമൊന്നു മില്ലാതെ അപരന്റെ ചെറുപുഞ്ചിരി യിൽ ലയിച്ചിരിക്കുന്നവരുണ്ട്. ഒരായുസ്സു മുഴുവൻ മക്കൾക്ക് വേണ്ടി നുകം എടുത്തിട്ട് ജീവിതസായാഹ്ന ത്തിൽപോലും നൊമ്പരത്തിന്റെ ലാവയെ ഉള്ളിലൊതുക്കി കഴിയുന്നവരുണ്ട്. മാരകരോഗവും മറ്റ് ദുരന്തങ്ങളും സമ്മാനിച്ച വേദന കടിച്ചമർത്തി ചുറ്റിലും നിൽക്കുന്നവർക്ക് ധൈര്യവും നന്മയും നേരുന്നവരുമുണ്ട്. ഇവ രെല്ലാം സ്വയം നിലത്ത് വീണ് അഴിഞ്ഞ് ഫലം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവായ ഗോതമ്പ്മ ണിയുടെ പിന്നാലെ ജീവിതം തിരിച്ചുവിട്ടവരാണ്. നിലത്തിൽ അലിഞ്ഞ് ഫലവത്തായ ഗോതമ്പ് മണിയാകട്ടെ നമ്മുടെ പ്രതീക്ഷയും മാതൃകയും ജീവിതവും.

**ഫാ. ജോയി. ജെ. കപ്പൂച്ചിൻ**

www.malankaralibrary.com

February 2012 / Price Rs. 25 Karunikan RNI No. KERMAL/2007/19623. Postal Reg. No.KL/ALY/0010/2010-12

*Printed & Published by Fr. Jacob Naluparayil, MCBS House, Perumanoor P.O.-682 015, Ernakulam.*
*Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor : Fr. Jacob Naluparayil*